**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് നിയോജക മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ഏറനാട് നിയോജക മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ **294** അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത അപേക്ഷകളിൽ **208 പേർക്ക് ആകെ 1,41,92,247/-** രൂപയുടെ റിസ്ക്ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യം ഇനിയും ലഭിച്ചിട്ടില്ലാത്ത അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഏറനാട് നിയോജക മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും ലഭ്യമായ **294** അപേക്ഷകളിൽ 208 അപേക്ഷകർക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളതും **21** അപേക്ഷകൾ നിരസിച്ചിട്ടുള്ളതും **65** അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നതുമാണ്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ബാങ്ക്/സംഘം മതിയായ രേഖകൾ ഉള്ളടക്കം ചെയ്യാതെ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിനാലും, ഓരോ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നുണ്ട്. അപ്രകാരം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനായി ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ബോർഡ് നടത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും റിസ്ക് ഫണ്ട് അദാലത്തുകൾ സംഘടിപ്പിച്ച് അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോർഡ് നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ